പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.T 2830

10.12.2014 -ലെ മറുപടിയ്ക്ക്

ആറളം ഫാം ഏറ്റെടുത്ത നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ആറളം ഫാം ഏറ്റെടുത്തതിനെ തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ; പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ആറളം ഫാം സർക്കാർ ഏറ്റെടുക്കുന്ന അവസരത്തിൽ അവിടെ താമസിക്കുന്ന 32 കുടുംബങ്ങളെ ഫാമിന് വെളിയിൽ പുനരധിവസിപ്പിക്കാൻ ആറളം ഗ്രാമ പഞ്ചായത്ത് 2 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 3 1/2 ഏക്കർ സ്വകാര്യ ഭൂമി ലാന്റ് അക്വിസിഷൻ മുഖേന ഏറ്റെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

Harikumar PAS

സെക്ഷൻ ഓഫീസർ